**നിയമങ്ങൾക്കും വ്യവസ്ഥകൾക്കും അകത്ത് കുടുങ്ങി ഒറ്റപ്പെട്ട് പോകുന്ന അബുവിന്റെ അവസ്ഥയിലോ, അയാളെ സഹായിക്കാനെത്തുന്നവരുടെ മനസ്താപങ്ങളിലോ അല്ല സിനിമയുടെ ഊന്നൽ. മതനിയമങ്ങൾ കടുകിട തെറ്റാതെ പാലിക്കുന്ന അബുവിനെ മഹാത്യാഗിയായും നന്മയുടെ നിറകുടമായും പൊലിപ്പിക്കുകയാണ് ആദാമിന്റെ മകൻ അബു ചെയ്യുന്നതെന്ന് എസ്. നാരായണൻ**

# അബു: ബിൻലാദന്റെ മകൻ

**മതത്തിന്** പുറത്തുള്ള മനുഷ്യസാഹോദര്യത്തേയും പങ്കാളിത്ത മനസ്ഥിതിയേയും നീചമായി നിഷേധിക്കുകയും, മതത്തിന് അകത്തുള്ള ഇരുട്ടിലാണ്ട ജീവിതസമീപനങ്ങളെ മഹത്വവത്കരിക്കുകയും ചെയ്യുന്നു 'ആദാമിന്റെ മകൻ അബു' എന്ന സിനിമ. പ്രകടമായ വർഗീയ വിദ്വേഷവും കൂട്ടക്കുരുതികളും ചിത്രീകരിക്കുന്ന കമ്പോളസിനിമകളേക്കാൾ വിഷം ഉള്ളിലൊളിപ്പിച്ച ഇത്, 'ഒരു പാവം സിനിമ' എന്ന തെറ്റിദ്ധാരണയിൽ പ്രേക്ഷകർ സ്വീകരിക്കുകയും ചെയ്യുന്നു. ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ജൂറികൾ വരെ വീണുപോയിരിക്കേ പ്രേക്ഷകരെ മാത്രം കുറ്റപ്പെടുത്തുന്നതിലും അർത്ഥമില്ല.

ഇതിന്റെ പ്രമേയത്തിലേക്ക് ഒന്ന് കണ്ണോടിച്ചാൽ മാത്രമേ ഏത് അന്ധകാരത്തിലേക്കാണ് നാം നയിക്കപ്പെടുന്നത് എന്ന് ബോധ്യപ്പെടുകയുള്ളൂ. അബു എന്ന നായക കഥാപാത്രം, പത്ത് പന്ത്രണ്ട് വർഷങ്ങളായി ഭാര്യ അയിശുവുമൊത്ത് ഹജ്ജിന് പോകാനുള്ള കടുത്ത ആഗ്രഹവുമായി ജീവിക്കുന്ന ആളാണ്. ദരിദ്രനും നല്ലവനും നിഷ്കളങ്കനുമായ അബുവിന്റെ ജീവിതമാർഗ്ഗം ഉത്സവപ്പറമ്പുകളിൽ അത്തറും മത ഗ്രന്ഥങ്ങളും കൊണ്ടുനടന്ന് വിൽക്കലാണ്. അതിൽ നിന്നും കിട്ടുന്ന മിച്ചം തുക വർഷങ്ങളോളം സൂക്ഷിച്ചത് എണ്ണിത്തിട്ടപ്പെടുത്തിയപ്പോൾ ഹജ്ജ് യാത്രക്കുള്ള ചിലവിന്റെ പകുതിപ്പോലും ആകുന്നില്ല.

യാത്രയ്ക്കുള്ള പണത്തിന് വേണ്ടി ഭാര്യയുടെ ആഭരണങ്ങളും വീട്ടിലുണ്ടായിരുന്ന പശുവിനെയും കുട്ടിയെയും അയാൾ വിൽക്കുന്നു. മുറ്റത്ത് നിൽക്കുന്ന കൂറ്റൻ വരിക്കപ്ളാവ് മരക്കമ്പനിക്കാരൻ ജോൺസണ് അറുപതിനായിരം രൂപക്ക് വിൽക്കുകയും പതിനായിരം രൂപ അഡ്വാൻസായി വാങ്ങുകയും ചെയ്യുന്നു.

ഹജ്ജ് ഏറെക്കുറെ ഉറപ്പായ അബു, നാട്ടിലുള്ളവരോട് യാത്ര പറയുന്നതിനും പൊരുത്തം വാങ്ങുന്നതിനും ഉള്ള ശ്രമങ്ങളാണ് പിന്നീട്. താൻ അതുവരെ ഇടപെട്ടിരുന്നവരോട്, അറിഞ്ഞോ അറിയാതെയോ എന്തെങ്കിലും തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ പൊറുക്കണമെന്ന് അഭ്യർത്ഥിച്ച് 'പൊരുത്തം വാങ്ങുക' എന്ന ചടങ്ങിന്, അയൽവാസിയും സുഹൃത്തുമായ ഗോവിന്ദൻമാഷുടെ വീട്ടിൽ അബുവും ഭാര്യയും എത്തുന്നു. ആ വീട്ടിൽ മാഷിന്റെ വൃദ്ധമാതാവ് പുറംതിരിഞ്ഞിരുന്ന് ഉച്ചത്തിൽ രാമായണം വായിക്കുന്ന ദൃശ്യമാണ് അവർ കയറിച്ചെല്ലുമ്പോൾ കാണുന്നത്. അബുവിന്റെ യാത്ര പറച്ചിലും മാപ്പിരക്കലും കേട്ട് മാഷ് വികാരാധീനനാകുന്നു. 'നിങ്ങളെപ്പറ്റി നല്ലതു മാത്രമല്ലേ ഓർക്കാനുള്ളൂ' എന്നു പറഞ്ഞ് മാഷ് അബുവിനെ സ്നേഹപൂർവ്വം ആശ്ലേഷിക്കുന്നു. മാഷും ഭാര്യയും അബുവും അയിശുവും ചേർന്ന് സ്നേഹോഷ്മളമായ ഒരു അന്തരീക്ഷം അവിടെ രൂപപ്പെടുന്നു. അപ്പോഴും വൃദ്ധ ഇതിനൊക്കെ പുറംതിരിഞ്ഞിരുന്ന്, കാരുണ്യവാനാ



**മതത്തെ ചെറിയതരത്തിലെങ്കിലും ചോദ്യം ചെയ്യുകയും വഴിവിട്ടുനടക്കുകയും ചെയ്യുന്ന ഉസ്താദിനെപ്പോലുള്ളവരുടെ പുറകെപ്പോയാൽ ഹൈദറിന്റെ സ്ഥിതിയായിരിക്കുമെന്നും യഥാർത്ഥ മാതൃക മതപരമായ കാർക്കശ്യങ്ങളെ പിൻതുടരുന്ന അബുവാണെന്നുമാണ് വിവക്ഷ**

യ ഈശ്വരനെ സ്തുതിക്കുകയാണ്. അവർ, തൊട്ടപ്പുറത്ത് മനുഷ്യർ തമ്മിൽ നടക്കുന്ന സ്നേഹപ്രകടനങ്ങൾ അറിയുന്നതുപോലുമില്ല. കിത്താബിൽ (മതത്തിൽ) കുടുങ്ങിക്കിടക്കുന്നവർ, അതിന് പുറത്ത്, എല്ലാ സങ്കുചിതത്വങ്ങൾക്കും അതീതമായി, മനുഷ്യർ സ്നേഹം വിനിമയം ചെയ്യുന്നത്, കാണുന്നത് തന്നെയില്ല എന്നൊരു സൂചന ആ സീനിനുണ്ട്. ഇതേ കാര്യം തന്നെ ഇതിനേക്കാൾ രൂക്ഷമായി അബു ചെയ്യുമ്പോൾ സംവിധായകൻ പക്ഷെ, അബുവിന്റെ ഭാഗത്താണ്.

പ്ലാവ് മുറിച്ചപ്പോൾ അതിന്റെ ഉള്ള് പൊള്ളയായിരുന്നുവെന്നും വിറകിന്റെ വിലപോലും തനിക്ക് കിട്ടില്ലെന്നും ജോൺസൺ അവസാന നിമിഷം അബുവിനെ അറിയിക്കുന്നു. മുൻപ് സമ്മതിച്ചിരുന്ന തുക അബുവിന് കൊടുത്തതിന് ശേഷമാണ് നല്ല മനസ്ഥിതിക്കാരനായ ജോൺസൺ ഈ വിവരം പറയുന്നത്. തന്റെ ചിരകാല അഭിലാഷമായ ഹജ്ജ് യാത്ര മുടങ്ങുന്നതു പോലും വകവെയ്ക്കാതെ, ജോൺസണ് നഷ്ടം വരാൻ പാടില്ലെന്ന് പറഞ്ഞ് അബു പണം തിരികെ കൊടുക്കുന്നു.

പണത്തിന്റെ കുറവ് കൊണ്ട് ഹജ്ജ് യാത്ര മുടങ്ങിയെന്നറിഞ്ഞ് അമ്പതിനായിരം രൂപയുമായി ഗോവിന്ദൻമാഷ് അബുവിനെ വീട്ടിൽച്ചെന്ന് കാണുന്നു. അബു പക്ഷെ, ആ പണം വാങ്ങിക്കാനാകില്ലെന്ന് ചില മതനിയമങ്ങളെച്ചൊല്ലി ശാഠ്യം പിടിക്കുന്നു. 'നിങ്ങളുടെ പണംകൊണ്ട് ഞാൻ ഹജ്ജ് ചെയ്യുന്നത് നിയമങ്ങൾക്ക് എതിരാണ്. രക്തബന്ധമുള്ളവരുടെ കയ്യിൽനിന്നേ സഹായം സ്വീകരിക്കാവൂ എന്നുണ്ട്. അല്ലെങ്കിൽ സ്വയം അധ്വാനിച്ചുനേടിയ പണം' ഇതൊക്കെയാണ് അബു ഒരൊറ്റശ്വാസത്തിൽ പറഞ്ഞു തീർത്ത നിയമങ്ങൾ.

ഒരു പ്രതിസന്ധിഘട്ടത്തിൽ തന്റെ പ്രിയ സുഹൃത്തിനെ സഹായിക്കാനാകാതെ, മതനിയമങ്ങൾക്കും വ്യവസ്ഥകൾക്കും മുന്നിൽ നിസ്സഹായനായി മനോവേദനയോടെ മാഷ് പിൻവാങ്ങുന്നു. 'എന്റെ ഉപ്പയുടെയും ഉമ്മയുടെയും സ്ഥാനത്താണ് നിങ്ങൾ. പണം ഒരു പ്രശ്നമാക്കേണ്ട' എന്ന് പറയുന്ന ട്രാവൽസിന്റെ മാനേജരോടും ഇതേ നിയമങ്ങളുടെ ഭേദചിന്ത തന്നെയാണ് അബു ആവർത്തിക്കുന്നത്. 'നിങ്ങളുടെ പണം വാങ്ങി ഞങ്ങൾ ഹജ്ജ് ചെയ്താൽ അത് നിങ്ങളുടെ ഉപ്പയുടെയും ഉമ്മയുടെയും ഹജ്ജ് ആവുകയേയുള്ളൂ. ഞങ്ങളുടേതാവില്ല' എന്ന് ഒട്ടും സ്നേഹസ്പർശമില്ലാത്ത മറുപടി പറഞ്ഞ് തിരിഞ്ഞ് നടക്കുകയാണ് അബു. നിയമങ്ങൾക്കും വ്യവസ്ഥകൾക്കും അകത്ത് കുടുങ്ങി ഒറ്റപ്പെട്ട് പോകുന്ന അബുവിന്റെ അവസ്ഥയിലോ, അയാളെ സഹായിക്കാനാകാത്ത ഗോവിന്ദൻമാഷുടെയും മാനേജരുടെയും മനസ്താപങ്ങളിലോ അല്ല സിനിമയുടെ ഊന്നൽ. മതനിയമങ്ങൾ കടുകിട തെറ്റാതെ പാലിക്കുന്ന അബുവിനെ മഹാത്യാഗിയായും നന്മയുടെ നിറകുടമായും പൊലിപ്പിക്കുകയാണ് സിനിമ ചെയ്യുന്നത്.

അത്ഭുതപ്രവർത്തികൾ ചെയ്യുന്ന ഉസ്താദ് എന്നൊരു കഥാപാത്രം കൂടിയുണ്ട്. ദൈവത്തോടു പറയാനുള്ളത് നേരിട്ട് പറയുന്ന ആളാണ് ഉസ്താദ്. ചായക്കടക്കാരൻ ഹൈദർ അയാളുടെ ആരാധകനാണ്. ഭ്രാന്ത് മാറ്റിയതും കാണാതായ ആളുടെ സ്ഥലം പറഞ്ഞുകൊടുത്തതും ചിലരെ സമ്പന്നരാക്കിയതും അങ്ങിനെ പലകഥകളും ഹൈദർ അയാളെ പറ്റി പറയുന്നുണ്ട്. ഉസ്താദിന്റെ സ്വാധീനം കൊണ്ടാകാം മുക്രിമാരെ പറ്റി ചില വിമർശനങ്ങൾ കൂടി നടത്തുന്നുണ്ട് ഹൈദർ. ഉസ്താദ് ഇല്ലാതാകുന്നതോടെ ഈ ലോകത്തിന്റെ തന്നെ കച്ചോടം പൂട്ടുമെന്നാണ് ഹൈദറിന്റെ വിശ്വാസം. ഉസ്താദ് ഇല്ലാതായതിന് ശേഷം ഒരുത്സാഹവും ശ്രദ്ധയുമില്ലാതെ ജീവിതം തന്നെ തകർന്നുപോയ ഹൈദറിനെയാണ് പിന്നീട് കാണുന്നത്. മതത്തെ ചെറിയതരത്തിലെങ്കിലും ചോദ്യം ചെയ്യുകയും വഴിവിട്ടുനടക്കുകയും ചെയ്യുന്ന ഉസ്താദിനെപ്പോലുള്ളവരുടെ പുറകെപ്പോയാൽ ഹൈദറിന്റെ സ്ഥിതിയായിരിക്കുമെന്നും യഥാർത്ഥ മാതൃക മതപരമായ കാർക്കശ്യങ്ങളെ പിൻതുടരുന്ന അബുവാണെന്നുമാണ് വിവക്ഷ.

അബു യഥാർത്ഥത്തിൽ അബുവിന് വേണ്ടിയല്ല ജീവിക്കുന്നത്. അബു മതത്തിന് വേണ്ടി ജീവിക്കുന്ന ഒരാളാണ്. 'മതത്തെക്കുറിച്ച് വായിക്കാനും അറിയാനുമൊന്നും ആർക്കും ഒരു താല്പര്യവുമില്ല. എല്ലാവർക്കും അവരവരുടെ താല്പര്യങ്ങളല്ലേ വലുത്?' എന്ന് മറ്റുള്ളവരെ കുറിച്ച് നിരാശയോടു കൂടി അയാൾ ഒരിടത്ത് പറയുന്നുണ്ട്. എല്ലാ മതനിയമങ്ങളും പാലിക്കുന്ന അയാൾക്ക് അതുപോലെത്തന്നെയുള്ള ഒരു ഭാര്യയുള്ളതുകൊണ്ട് കുടുംബജീവിതത്തിൽ ഒരു പ്രശ്നവുമില്ല. അയിശു ചെവിപോലും പുറത്ത് കാണിക്കാത്ത കറുത്ത ഉടുപ്പണിഞ്ഞേ പുറത്തുപോകൂ. ഉറക്കെ സംസാരിക്കുകയോ എതിരു പറയുകയോ ചെയ്യില്ല. അയാൾക്ക് കുളിക്കാനുള്ള വെള്ളം ചൂടാക്കുന്നതു മുതൽ എല്ലാ പണികളും ഒരു പരാതിയുമില്ലാതെ ചെയ്തു കൊള്ളും. അയാൾ കസേരയിൽ ഇരിക്കുമ്പോൾ അവൾ നിലത്തേ ഇരിക്കൂ. ഇങ്ങിനെയാണെങ്കിലും രാജ്യത്തെ നിയമങ്ങൾ അബുവിന് പ്രശ്നമല്ല. പോ

ലീസുകാരനും പോസ്റ്റ്മാനും കൈക്കൂലി കൊടുത്ത് സ്വന്തം കാര്യം നടത്താൻ അയാൾക്കറിയാം.

ദുബായിലുള്ള ഒരു മകനെ കുറിച്ച്, നല്ലനിലയിൽ കഴിയുന്ന അവൻ തങ്ങളെ തിരിഞ്ഞു നോക്കാത്തതിനെ കുറിച്ച് അബുവും ഭാര്യയും ഇടയ്ക്കിടെ പരാമർശിക്കുന്നുണ്ട്. മകന്റെ കാര്യം പറയുമ്പോൾ അബു ക്രൂരവാക്കുകളാണ് ഉരുവിടുന്നത്. മാതാപിതാക്കളെ കാണാൻപ്പോലും വരാൻ സാധിക്കാത്ത തരത്തിൽ ഏതോ ഗതികേടിലായിരിക്കുമോ മകൻ എന്ന് പ്രേക്ഷകർക്ക് തോന്നുന്നുണ്ട്. അവനെക്കുറിച്ച് അവ്യക്ത ധാരണകളേ ഉള്ളുവെങ്കിലും അവനോട് അബുവിന്റെ പക തീരുന്നില്ല. രക്തബന്ധമുള്ള സ്വന്തം മകനിൽ നിന്ന് മനസ്സുകൊണ്ട് പൊരുത്തം വാങ്ങാതെ ഹജ്ജിന് ഒരുങ്ങുന്നതിൽ എന്തെങ്കിലും നിയമപ്രശ്നം ഉള്ളതായി അയാൾ ഒരിടത്തും പ്രകടിപ്പിക്കുന്നുമില്ല.

ഒരു സന്യാസി, ഒരു പാതിരി, ഒരു മൗലവി എന്നിങ്ങനെ മൂന്ന് മതത്തിലെ പ്രതിനിധികളെയും വിളിച്ച് മതസൗഹാർദ്ദ സമ്മേളനങ്ങൾ നടത്തുന്നത് കേരളത്തിൽ ഒരു കാലത്ത് സർവ്വസാധാരണമായിരുന്നല്ലോ. ഇതേ പൊള്ളത്തരം ഓർത്തുപോകും ഇതിലെ നല്ലവരിൽ നല്ലവരായ മരക്കച്ചവടക്കാരൻ ജോൺസണേയും ട്രാവൽസിന്റെ മാനേജരായ അഷ്റഫിനെയും ഗോവിന്ദൻമാഷേയും അവരുടെ കൂടിച്ചേരലുകളെയും ചിത്രീകരിക്കുന്നത് കണ്ടാൽ. വില്ലൻ ഇല്ലാത്തതുകൊണ്ടോ, കഥാപാത്രങ്ങൾ പട്ടുപ്പോലെ നല്ലവരായതുകൊണ്ടോ ആണോ ഒരു സിനിമ നല്ലതാകുന്നത് ? ഈ സിനിമയെ കൊണ്ടാടുന്നവർ ഈ രീതിയിലാണ് ന്യായങ്ങൾ കണ്ടെത്തുന്നത്. ചെകുത്താന്റെ അവതാരം എന്നുപറയാവുന്ന ഇയാഗോ ഉള്ളതുകൊണ്ട് ഷേക്സ്പിയറിന്റെ ഒഥല്ലോക്ക് ആരെങ്കിലും പതിത്തം കല്പിച്ചിട്ടുണ്ടോ ?

അബു എത്ര കഷ്ടപ്പെട്ടിട്ടാണ് പണം സ്വരുക്കൂട്ടുന്നതെന്ന് കാണിക്കുന്ന ഒന്നുരണ്ട് സീനുകളുണ്ട് ചിത്രത്തിൽ. ദാഹിച്ചുവലഞ്ഞ് സർബ്ബത്ത് കടയിലേക്ക് ചെന്ന അബു ഹജ്ജ് ഓർമ്മ വന്നപ്പോൾ അവിടെ നിന്നും ഇറങ്ങിപ്പോരുകയും സമീപത്തുള്ള കിണറ്റിൽ നിന്നും വെള്ളം കോരിക്കുടിച്ച് ദാഹമകറ്റുകയും ചെയ്യുന്നു. അപ്പുറത്തും ഇപ്പുറത്തും ഊണ് കഴിക്കുന്നവരുടെ നടുക്കിരുന്ന് അവർ കഴിക്കുന്നത് കൊതിയോടെ നോക്കി ഒരു ചായയും വടയും മാത്രം കഴിച്ച് വിശപ്പൊതുക്കുന്ന അബുവിനെ വേറൊരിടത്ത് കാണാം. ദാരിദ്ര്യം കാണിക്കാൻ വേണ്ടി സംവിധായകൻ ഒരുക്കിയ ഈ രണ്ടു സീനുകൾ കണ്ടാൽ മലയാള സിനിമ അതിന്റെ പ്രാരംഭദശയിലാണെന്ന് തോന്നും.

പാസ്പോർട്ട് എടുക്കാനുള്ള നടപടികൾ ട്രാവൽസിന്റെ മാനേജരുമായി സംസാരിച്ചുറപ്പിച്ചതിന് ശേഷം ഒരു പോലീസുകാരൻ അബുവിന്റെ വീട്ടിലേക്ക് അന്വേഷിച്ച് വരുന്നതിനെ ചൊല്ലി ഒരുപാട് വലിച്ചിഴക്കുന്നുണ്ട് സിനിമ. പ്രേക്ഷകനെ സസ്പെൻസിൽ നിർത്തി ഹാസ്യം സൃഷ്ടിക്കുകയാണ് ഉദ്ദേശം. പോലീസുകാരൻ വരുന്നത് പാസ്പോർട്ടിന്റെ അന്വേഷണത്തിനാണെന്ന് മനസ്സിലാകാത്ത ഒരു കുട്ടിപോലും ഉണ്ടാകില്ല തിയ്യറ്ററിനുള്ളിൽ.

'താനൊരു മിമിക്രിക്കാരനാണെന്നു പറയുന്നതിൽ അഭിമാനമുണ്ട്' എന്ന് ഒരു അഭിമുഖത്തിൽ സംവിധായകൻ പറഞ്ഞിരുന്നു (മാതൃഭൂമി ആഴ്ചപ്പതിപ്പ്, ജൂലൈ 11). മിമിക്രി ശബ്ദത്തിൽ മാത്രമല്ല ദൃശ്യത്തിലും സാദ്ധ്യമാണെന്നാണ് ഈ സിനിമയിലൂടെ തെളിയുന്നത്. ഇതിലെ ഓരോ ഷോട്ടുകളും മുൻപേ കണ്ടുമറന്ന നിരവധി സിനിമകളെ ഓർമ്മിപ്പിക്കുന്നു. പഴയ മട്ടിലുള്ള ഉപകരണങ്ങളെ ക്ളോസ് അപ്പിൽ കാണിച്ചുകൊണ്ടാണ് 'എലിപ്പത്തായ'ത്തിന്റെ ടൈറ്റിൽ കാർഡുകൾ തെളിയുന്നത്. 'അബു'വിലും അത് അങ്ങിനെത്തന്നെയാണ്. കട്ടിലിൽ മുനിയാണ്ടിയും നിലത്ത് ശിമകാമിയും (ശ്രീനിവാസനും സ്മിതാപട്ടേലും) ഇരുന്നുകൊണ്ടാണ് തങ്ങളുടെ വിവാഹത്തിനെടുത്ത ഫോട്ടോകൾ ചിദംബര'ത്തിൽ കാണുന്നത്. അതേ സ്ഥലത്ത് അതേ മട്ടിൽ ഇരുന്ന് പാസ്പോർട്ടിലെ ഫോട്ടോ കാണുന്നു അബുവും അയിശുവും. ഉസ്താദുമായി ബന്ധപ്പെട്ട് ആവർത്തിച്ച് കാണിക്കുന്ന ആ മരത്തിന്റെ ദൃശ്യം അതേ ഷേഡിൽ മുൻപേ കണ്ടിട്ടുള്ളതാണ്. 'മൈ സീക്രറ്റ് സ്കൈ' എന്ന ആഫ്രിക്കൻ സിനിമയിൽ ആവർത്തിച്ചു വരുന്ന ഒരു ദൃശ്യമാണത്. അതിന്റെ പോസ്റ്ററിൽ തന്നെ അതേ ദൃശ്യമുണ്ട്. ഒരു സീനിനും ഒരു പുതുമയും അനുഭവപ്പെടുന്നില്ല. പ്രതിഭയുടെ ഒരു തരിയെങ്കിലുമുണ്ടായിരുന്നെങ്കിൽ മരം മുറിച്ച സ്ഥലത്ത് തൈ വെയ്ക്കുന്ന രംഗം ഇത്ര ശുഷ്ക്കവും പൊള്ളയുമായി പോകില്ലായിരുന്നു.

ഇത് ഒരു മികച്ച ചിത്രമാകുന്നുണ്ടെങ്കിൽ അത് അക്ബർ ട്രാവൽസിന് മാത്രമാണ്. ഒരിക്കലും മറന്നുപോകാത്ത തരത്തിൽ, അക്ബർ ട്രാവൽസിന്റെ ഓഫീസും ജീവനക്കാരും ദൃശ്യത്തിലൂടെയും ശബ്ദത്തിലൂടെയും പ്രേക്ഷകരുടെ മനസ്സിൽ ആഴ്ന്നിറങ്ങിയിട്ടുണ്ട്. ആലുക്കാസ് ജ്വല്ലറിക്കും കല്ലാൺസിൽക്സിനുമൊക്കെ പരസ്യചിത്രം ഒരുക്കുന്നവർ ഈ സിനിമ കണ്ട് അസൂയപ്പെടുന്നുണ്ടാകും. അവർക്ക് ഒരു മിനിറ്റ് കഷ്ടി സമയം കിട്ടുമ്പോൾ ഇവിടെ രണ്ട് മണിക്കൂറോളമല്ലേ കൊടുത്തിരിക്കുന്നത്. സിനിമയുടെ കാൽഭാഗം സമയമെങ്കിലും അക്ബർ ട്രാവൽസിന്റെ യാത്രക്കാരോടുള്ള നയം, സമീപനം, സിദ്ധാന്തം, ചരിത്രം, അവർ ചെയ്തുകൊടുക്കുന്ന സൗകര്യങ്ങൾ എന്നിവ വിസ്തരിക്കാനാണ് ഉപയോഗിക്കുന്നത്. കയ്യിലെ പണം കൊടുത്ത് ടിക്കറ്റെടുത്ത പ്രേക്ഷകന് മുന്നിൽ ഒരു വാണിജ്യ സ്ഥാപനത്തിന്റെ ഗീർവാണങ്ങൾ അവതരിപ്പിക്കുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ ധിക്കാരമാണ്.

മകനെപ്പോലെ കരുതണമെന്നും അനുജനെപ്പോലെ കരുതണമെന്നും കെഞ്ചിപ്പറഞ്ഞ് സഹായഹസ്തം നീട്ടുന്ന സ്നേഹത്തെ, മതനിയമങ്ങൾ ഉദ്ധരിച്ച് തട്ടിയകറ്റുന്ന അബു, വെളിച്ചത്തിൽ കുളിച്ചുനിൽക്കുന്ന മതസ്ഥാപനത്തിലേക്ക് നടന്നുകയറുമ്പോൾ സിനിമ അവസാനിക്കുന്നു. ഫാദർ ഡാമിയനും മദർ തെരേസക്കും മഹാത്മാഗാന്ധിക്കുമൊക്കെ ശേഷം ഒരു മഹാത്യാഗിയെ കണ്ട ചാരിതാർത്ഥ്യത്തോടെ നമ്മൾ തിയറ്ററിന് പുറത്തേക്കും.

ഇരുട്ടു പിടിച്ച ശ്രീകോവിലിലുള്ള ദേവീവിഗ്രഹത്തിലേക്ക് രക്തവും കണ്ണീരും കലർന്ന തുപ്പൽ തെറിപ്പിച്ച കഥാപാത്രത്തെത്തേടിയാണ് നല്ല നടനുള്ള ദേശിയ പുരസ്കാരം മലയാളത്തിലേക്ക് ആദ്യം വന്നത്. ജീവിത സഹനങ്ങളുടെ പാരമ്യത്തിൽ നിലനിൽക്കുന്ന ജീർണ്ണതകൾക്കെതിരെ പ്രതിഷേധിച്ചുകൊണ്ടുള്ള കത്തിത്തീരലായിരുന്നു അത്. ബാലിശങ്ങളായ ചിട്ടവട്ടങ്ങൾ ജീവിതത്തിൽ കർക്കശമായി പാലിച്ചും മനുഷ്യരുടെ പങ്കുവെക്കലുകളെ നിഷേധിച്ചും പ്രകാശപൂരിതമായ മതവ്യവസ്ഥയിലേക്ക് സന്തോഷത്തോടെ കടന്നുപോകുന്ന കഥാപാത്രം അതേ പുരസ്കാരം മലയാളത്തിന് വീണ്ടും കൊണ്ടുവന്നിരിക്കുന്നു. നാം വളരുകയാണോ അതോ തളരുകയാണോ ?